## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
## (ഹാജർ- ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്ക്)
**ഉത്തരവ് നമ്പർ: ബി2/50266/2021/സിഇ തീയതി. 13/08/2021**

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്–ജീവനക്കാര്യം-രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) തസ്തികയിലേയ്ക്കുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:-
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 20/07/2021-ലെ R1A (2) 4650/2021/GW നമ്പർ നിയമന ശിപാർശ.
2. 15/02/91-ലെ (പി) 7/91/ പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.
3. 30/12/91-ലെ (പി) 45/91/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
4. 07/01/13-ലെ (പി) 20/2013/ധന നമ്പർ സർക്കാർ ഉത്തരവ്.
5. 3/4/13-ലെ (പി) 149/2013/ധന നമ്പർ സർക്കാർ ഉത്തരവ്.
6. 07/05/13-ലെ (പി) 209/2013/ധന നമ്പർ സർക്കാർ ഉത്തരവ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ഒന്നാം പരാമർശ പ്രകാരം നിയമന ശുപാർശ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ KS&SSR 1958 പൊതുചട്ടം 9 (എ) (1) പ്രകാരം 31100-66800 രൂപ ശമ്പളസ്കെയിലിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ)/രണ്ടാം ഗ്രേഡ് ഓവർസിയർ(മെക്കാനിക്കൽ) തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടിയാളുകൾ പേരിനോടൊപ്പം ചേർത്തിട്ടുള്ള ഓഫീസിൽ ജോലിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം. | പേര് | ഓഫീസ് വിലാസം |
|---|---|---|
| 1 | ശ്രീ.റാഫി.എം.എം<br>റാഫി മൻസിൽ,വാമനപുരം<br>വാമനപുരം പി.ഒ, തിരുവനന്തപുരം – 695 606 | ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം |
| 2 | ശ്രീ.രഞ്ജിത്ത്.വി<br>തൊരത്തൊട്ടി,വില്ലരാംപതി,<br>പെരിയ, കാസർഗോഡ് | ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം,തിരുവനന്തപുരം |
| 3 | ശ്രീ.നിതീഷ് ബാബു.കെ.വി<br>മറ്റലായ് ഹൗസ്<br>ചെറുവത്തൂർ<br>കാസർഗോഡ് - 671 313 | ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് |

മേൽ ഉദ്യോഗാർത്ഥികൾ ഈ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം പേരിനോടൊപ്പം ചേർത്തിരിക്കുന്ന കാര്യാലയത്തിൽ ജോലിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ഈ നിയമന ഉത്തരവ് അസാധുവാക്കുന്നതാണ്.

ജോലിയ്ക്ക് ഹാജരാകുമ്പോൾ വിദ്യാഭ്യാസയോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ, ആരോഗ്യക്ഷമത തെളിയിക്കുന്നതിനായി അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു 'എ' ക്ലാസ് മെഡിക്കൽ ഓഫീസർ വിരലടയാളം രേഖപ്പെടുത്തി ഫോട്ടോ സാക്ഷ്യപ്പെടുത്തി നൽകുന്ന അസ്സൽ സർട്ടിഫിക്കറ്റ്, പി.എസ്.സിയുടെ One Time Verification Certificate അസ്സൽ എന്നിവ ഹാജരാക്കേണ്ടതാണ്. ഈ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ ടിയാളുകളെ നിരീക്ഷണാർത്ഥികളായി കണക്കാക്കുന്നതല്ലെന്നും ഈ നിയമനം ഭാവിയിലെ മറ്റൊരു നിയമനത്തിനും മുൻഗണനാവകാശം നൽകുവാൻ പര്യാപ്തമല്ലെന്നും അറിയിക്കുന്നു.

കേരള സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (1958) റൂൾ 3 (സി) പ്രകാരമാണ് നിയമനം നടത്തിയിരിക്കുന്നത്. പോലീസ് വെരിഫിക്കേഷൻ, സ്പാർക്ക് അംഗത്വം, സ്വത്തുവിവരം എന്നിവ രേഖപ്പെടുത്തുന്നതിനുള്ള പ്രൊഫോർമ ഈ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.hed.kerala.gov.in) നിന്നും ശേഖരിക്കേണ്ടതും, ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് പ്രസ്തുത പ്രൊഫോർമ പൂർണ്ണമായും പൂരിപ്പിച്ച് ഓഫീസ് അധികാരിയ്ക്ക് കൈമാറേണ്ടതുമാണ്.

ജനനതീയതി സംബന്ധിച്ച തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച് 5 വർഷത്തിനകം അതിനുള്ള അപേക്ഷ മേലധികാരിക്ക് നൽകാവുന്നതാണ്.

01/04/13 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കുന്നതാണ്. 31/03/2013-നോ അതിനു മുൻപോ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരും 01/04/13 മുതൽ പുതിയ നിയമനം ലഭിച്ചിട്ടുള്ളവരുമായ ജീവനക്കാർ KSR പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ ജോലിയിൽ പ്രവേശിച്ച് മൂന്നുമാസത്തിനകം ഫയൽ ചെയ്യേണ്ടതാണ്. ടി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക്

T4

പകർപ്പ്:

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല/ഉത്തരമേഖല.
   (അഡ്വൈസ് മെമ്മോയുടെ പകർപ്പ്,OTV സർട്ടിഫിക്കറ്റ് എന്നിവ സഹിതം രജിസ്റ്റേഡ് തപാലിൽ അയയ്ക്കുന്നു)
2. ചീഫ് എഞ്ചിനിയറുടെ സി.എയ്ക്ക്
3. ഐ.റ്റി.സെല്ലിലേയ്ക്ക്
4. ബി3, ബി4 സെക്ഷനുകൾക്ക്
5. സ്റ്റോക്ക് ഫയലിലേയ്ക്ക്.

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4